**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഭവനരഹിതരായ പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) | ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 2018-19 മുതൽ 2020-21 വരെ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിക്കായി 2018-19 വർഷം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2018-19 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയിൽ നിന്നും ലൈഫ് മിഷൻ ആവശ്യപ്പെട്ട 61.30 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിരുന്നു. 2019-20 വർഷം 400 കോടി രൂപയും, 2020-21 വർഷം 300 കോടി രൂപയും ലൈഫ് മിഷൻ പദ്ധതിക്കായി വകയിരുത്തിയിരുന്നു. 2019-20 വർഷം ലൈഫ് മിഷൻ 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വെയ്സ് & മീൻസ് ക്ലിയറൻസ് ലഭിക്കാത്തതിനാൽ ടി തുക അനുവദിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2020-21 വർഷം വകയിരുത്തിയിരുന്ന 300 കോടി രൂപയിൽ നിന്നും ടി തുകയും അതിന് പുറമെ ലൈഫ് മിഷൻ ആവശ്യപ്പെട്ട 145 കോടി രൂപയും ഉൾപ്പെടെ 245 കോടി രൂപ ലൈഫ് മിഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിക്കായി 2019-20 വർഷം 120 കോടി രൂപ വകയിരുത്തുകയും ആയതിൽ 64.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 2020-21 വർഷം 140 കോടി രൂപ വകയിരുത്തുകയും ഈ തുക മുഴുവൻ ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017-18 മുതൽ 2020-21 വരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന | (സി) | പട്ടികജാതി വികസന വകുപ്പ് ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 3893 സ്പിൽ ഓവർ വീടുകളിൽ 3844 വീടുകളും, രണ്ടാം ഘടത്തിൽ കരാറിലേർപ്പെട്ട 12000 ഗുണഭോക്താക്കളുടെ 8828 |

| | | | |
|---|---|---|---|
| | നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ; | | വീടുകളും, മൂന്നാം ഘട്ടത്തിൽ കരാറിലേർപ്പെട്ട 3442 ഗുണഭോക്താക്കളുടെ 1064 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 11376 വീടുകളും, രണ്ടാം ഘട്ടത്തിൽ 2522 വീടുകളും, മൂന്നാം ഘട്ടത്തിൽ 83 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മേല്പറഞ്ഞ പ്രകാരം ഏറനാട് മണ്ഡലത്തിൽ ലൈഫ് മിഷനിൽ എത്ര ഭവനങ്ങൾ ആണ് പൂർത്തീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | ഏറനാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് 25 വീടുകളും, പട്ടികവർഗ്ഗ വികസന വകുപ്പ് 149 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള പട്ടിക

| ക്രമ നം. | ജില്ല | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| 1 | തിരുവനന്തപുരം | 17161 | 957 |
| 2 | കൊല്ലം | 16914 | 476 |
| 3 | പത്തനംതിട്ട | 5486 | 766 |
| 4 | ആലപ്പുഴ | 7605 | 404 |
| 5 | കോട്ടയം | 4715 | 557 |
| 6 | ഇടുക്കി | 12882 | 2007 |
| 7 | എറണാകുളം | 10596 | 495 |
| 8 | തൃശ്ശൂർ | 13972 | 197 |
| 9 | പാലക്കാട് | 12116 | 1805 |
| 10 | മലപ്പുറം | 15748 | 1216 |
| 11 | കോഴിക്കോട് | 7244 | 455 |
| 12 | വയനാട് | 1957 | 6529 |
| 13 | കണ്ണൂർ | 4312 | 1408 |
| 14 | കാസറഗോഡ് | 2647 | 2948 |
| | **ആകെ** | **133355** | **20220** |